ഉത്തരം

(എ) ഇല്ല.

(ബി) ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഇൻഷ്വറൻസ് കമ്പനികളുമായും ഇൻഷ്വറൻസ് വകുപ്പുമായും ചർച്ചകൾ നടത്തിവരുന്നു.

(സി, ഡി) പരിശോധിച്ചു വരുന്നു.

കോർപ്പറേഷനുകൾ എ. ഡി. ബി.-യിൽ നിന്ന് വാങ്ങുന്ന വായ്പയുടെ പലിശ

23 [2632] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 5 കോർപ്പറേഷനുകൾ എ. ഡി. ബി.-യിൽ നിന്നു വാങ്ങുന്ന വായ്പയുടെ പലിശ സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷനുകൾ വാങ്ങുന്ന വായ്പയ്ക്ക് എത്ര ശതമാനമാണ് പലിശ എന്നു വ്യക്തമാക്കാമോ;

(സി) കോർപ്പറേഷനുകൾക്ക് പലിശ നൽകുന്നതിലേക്ക് സംസ്ഥാന ഗവൺമെൻറ് പ്രത്യേക സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും എ.ഡി.ബി. വായ്പ സംബന്ധിച്ച എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെൻറോ സംസ്ഥാനത്തെ കോർപ്പറേഷനുകളോ എ. ഡി. ബി.-യിൽ നിന്ന് നേരിട്ട് വായ്പ വാങ്ങുന്നില്ല. എ. ഡി. ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ മുഖേന സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വായ്പ അതേ വ്യവസ്ഥയിൽ കോർപ്പറേഷനുകൾക്ക് നൽകുന്നതാണ്. കേരള സർക്കാർ അപ്രകാരം ലഭിക്കുന്ന വായ്പ പലിശ സഹിതം കേന്ദ്ര സർക്കാരിന് തിരിച്ചടയ്ക്കണം. കോർപ്പറേഷനുകൾ പ്രസ്തുത വായ്പ പലിശ സഹിതം കേരള സർക്കാരിന് തിരിച്ചടയ്ക്കണം. അതിനുവേണ്ടതുക സംസ്ഥാന സർക്കാർ കോർപ്പറേഷനുകൾക്ക് കാലാകാലങ്ങളിൽ നൽകുന്ന പദ്ധതി തുകയ്ക്കൊപ്പം അധിക പദ്ധതി വിഹിതമായി നൽകുന്നതിന് 13-5-2005-ലെ സ. ഉ. (എം. എസ്.) 152/2005/ത. സ്വ. ഭ. വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) ചോദ്യം 'എ' ക്കുള്ള മറുപടി ഈ ഉപചോദ്യത്തിനും ബാധകമാണ്.

(ഡി) ഇക്കാര്യത്തിൽ ഇതുവരെയും ധാരണാപത്രം ഉണ്ടാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly